# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ

കെ.പി.എഫ്.സി. ഭവനം, സി.വി.രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം-10

ഫോൺ: (0471) 2735544, ഫാക്സ്: (0471) 2735599 ഇ-മെയിൽ:kserc@erckerala.org വെബ്സൈറ്റ്: www.erckerala.org


തിരുവനന്തപുരം **പത്രക്കുറിപ്പ്** 2010 ആഗസ്റ്റ് 07

## ഇന്ധന സർച്ചാർജ്ജ് ഈടാക്കാനുള്ള അനുമതി പിൻവലിച്ചു.

സംസ്ഥാന വൈദ്യുതി ബോർഡിന് 2010 ഏപ്രിൽ ഒന്നു മുതൽ ഇന്ധന സർച്ചാർജ്ജ് ഈടാക്കാൻ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നൽകിയിരുന്ന അനുമതി പിൻവലിച്ചു. യൂണിറ്റൊന്നിന് 25 പൈസ ക്രമത്തിൽ സെപ്റ്റംബർ വരെ ഈടാക്കാൻ നൽകിയിരുന്ന അനുമതിയാണ് ഈ മാസം 31 നു ശേഷം തുടരേണ്ടതില്ലെന്ന് കമ്മീഷൻ ഉത്തരവായത്.

190 കോടി രൂപയാണ് ഈയിനത്തിൽ ഉപഭോക്താക്കളിൽ നിന്ന് ഈടാക്കാൻ വൈദ്യുതി ബോർഡ് അനുമതി തേടിയിരുന്നത്. എന്നാൽ, ഇതുവരെ ഈടാക്കിയ തുക യുടെ കണക്ക് ബോർഡ് നൽകാത്ത സാഹചര്യത്തിലാണ് കമ്മീഷന്റെ പുതിയ തീരുമാനം.

പ്രതിമാസം 120 യൂണിറ്റ് വരെയുള്ള ഉപഭോക്താക്കൾക്ക് സർക്കാർ അനുവദിച്ചിട്ടുള്ള സബ്സിഡി തുക ബോർഡ് ബില്ലിൽ രേഖപ്പെടുത്തുകയോ സർക്കാരിൽ നിന്ന് വാങ്ങിയെടുക്കുകയോ ചെയ്യുന്നില്ലെന്നും കമ്മീഷൻ വിലയിരുത്തി.

ഒപ്പ്

**സെക്രട്ടറി**